# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2647** — **18.06.2018-** ൽ മറുപടിക്ക്

**<u>ഒറ്റപ്പാലം ബൈപ്പാസ് റോഡ്</u>**

| **<u>ചോദ്യം</u>** | | **<u>മറുപടി</u>** |
|---|---|---|
| **ശ്രീ. പി.ഉണ്ണി** | | **ശ്രീ. ജി. സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) ഒറ്റപ്പാലം ബൈപ്പാസ് റോഡ് നിർമ്മാണത്തിനുള്ള ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഡി.പി.ആർ കിഫ്ബി അംഗീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | ഒറ്റപ്പാലം ബൈപ്പാസ് റോഡിന്റെ ഡി.പി.ആർ റോഡ്സ് & ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ തയ്യാറാക്കി 26.02.2018-ന് കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. കിഫ്ബിയുടെ ഉത്തരവ് നമ്പർ PWD 003-04-PA-07 തീയതി 15.05.2018 പ്രകാരം പദ്ധതിക്ക് 78.05 കോടി രൂപയ്ക്ക് അനുമതി ലഭിച്ചിട്ടുണ്ട്. |
| (ബി) ഒറ്റപ്പാലം ബൈപ്പാസിനായി സ്ഥലം ഏറ്റെടുക്കൽ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; അതിനായി എന്തെല്ലാം പ്രാരംഭപ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ;<br>(സി) ഏറ്റെടുക്കപ്പെടേണ്ട സ്ഥലത്തിന്റെ വിശദാംശങ്ങൾ ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ ആയത് ലഭ്യമാക്കാമോ? | (ബി) യും (സി) യും | സ്ഥലം ഏറ്റെടുക്കൽ നടപടി ആരംഭിച്ചിട്ടില്ല. ഇതിനായുള്ള റിക്വിസിഷൻ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. റിക്വിസിഷൻ സമർപ്പിച്ചതിന് ശേഷം റവന്യൂ സർവ്വേ നടപടികൾ പൂർത്തിയായാലേ ഏറ്റെടുക്കേണ്ട സ്ഥലത്തിന്റെ വിശദാംശങ്ങൾ ലഭ്യമാകുകയുള്ളൂ. |

സെക്ഷൻ ഓഫീസർ